ജി.എച്ച്.എസ് വെളിയങ്കോട്

# കയ്യൊപ്പ്

ലിറ്റിൽ കൈറ്റ്സ് 2018–19

# ലിറ്റിൽകൈറ്റ്സ് @GHSV



സ്കൂളിലെ ലിറ്റിൽകൈറ്റ്സ് പ്രധാനാധ്യാപിക,പി ടി എ പ്രസിഡണ്ട്,കൈറ്റ്മാസ്റ്റര,കൈറ്റ്മിസ്ട്രസ്,എന്നിവരോടൊപ്പം.........

# ആമുഖം

ലോകം മുഴുവൻ കേവലം ഒരു വിരൽത്തുമ്പിലുള്ള ഈ കാലഘട്ടത്തിൽ ജീവിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് എഴുത്ത്,വായന എന്നിവയൊക്കെ ലേശം ബോറടിപ്പിക്കുന്ന കാര്യങ്ങൾ തന്നെയാണ്.എങ്കിലും ഇതൊക്കെഇഷ്ടപ്പെടുന്ന ചിലരെങ്കിലുംനമുക്കിടയിലുണ്ടെ ന്നത് ആശ്വാസകരമാണ്.അവരിൽ നിന്ന്ഉയരുന്ന സ്ഫുരണങ്ങൾ മറ്റുള്ളവർക്ക് വെളിച്ചമാകുമെന്ന് നമുക്ക് വെറുതേ ആശിക്കാം.കാപട്യം നിറഞ്ഞ ഈ ലോകത്ത് അടുത്തിരിക്കുന്നവൻെറ വേദനയറിയാനോ അവൻെറ മുഖത്തുനോക്കി ഒന്നു പുഞ്ചിക്കാനോ പോലും നേരമില്ലാത്ത പുതുതലമുറയിലേക്ക് വരകളും വർണങ്ങളുംജീവിതാനുഭവങ്ങളുമൊക്കെനമുക്ക്മഷിപുരട്ടി യിടാം...........സ്നേഹത്തിൻെറ,സന്തോഷത്തിൻെറ,സങ്കടങ്ങ ളുട,കനിവിൻെറആമഷിഅവരിൽആരുടെയെങ്കിലുമൊക്കെ മനസുകളിൽ പതിയട്ടെ......

# താളുകളിലൂടെ

- കവിത
- കഥ
- യാത്രാവിവരണം
- ലേഖനം
- ചിത്രങ്ങൾ
- ഡിജിറ്റൽ പെയ്ന്റിങ്

# എഡിറ്റോറിയൽ

ഇവിടെ,

ഒരു മാഗസിൻ പിറവിയെടുക്കുകയാണ് ഒരുമയുടെ സഹകരണത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളുടെ ഒരു കൈയ്യൊപ്പ്. ഇതിൽ ഈ സ്കൂളിന്റെ സ്വന്ദനങ്ങളുണ്ട്. കുരുന്നുകളുടെ കളിച്ചിരികളുണ്ട്. വളക്കിലുക്കങ്ങളുണ്ട് ജി.എച്ച്.എസ്.വെളിയംകോടിന്റെ പൂങ്കാവനത്തിലെ ചിത്രശലഭങ്ങളുടെ തൂലിക തുമ്പിലെ മഷി ഇതിൽ ചിതറുകയാണ് കഥകളായും കവിതകളായും വരകളായും വർണ്ണ ങ്ങളായും യാത്രാവിവരണങ്ങളായും ചിത്രങ്ങളായും അവ ഇതൾവിരി ക്കുകയാണ്.ഇതിനു വേണ്ടി പാടുപെട്ടവർ ഒട്ടേറെയുണ്ട്. ഉറക്ക മൊഴിച്ചവരും. എല്ലാവർക്കും അഭിനന്ദനങ്ങൾ........

സ്നേഹപൂർവ്വം

സ്റ്റാഫ്എഡിറ്റേഴ്സ്,

റോബിൻ കെ.കെ,ജയശ്രീ.കെ

# ജി.എച്ച്.എസ്.എസ് വെളിയങ്കോട്



## കവിത

# എൻ അമ്മ




അമ്മയാണെനിക്കിന്നെല്ലാം
എന്റെ അമ്മയാണെനിക്കിന്നെല്ലാം
ഞാനൊന്നു കരയുമ്പോൾ
അറിയാതെ ഉരുകുമെൻ
അമ്മഅമ്മതൻ മടിത്തട്ടിൽ ഞാൻ
മയങ്ങുമ്പോൾ എന്റെ
സങ്കടങ്ങളെല്ലാം ഞാൻ
മറന്നീടുന്നു.
പുൽക്കൊടി തുമ്പിലെ
തുഷാര ബിന്ദുപോൽ എൻ അമ്മ
വിദ്യാലയത്തിൽ നിന്നൊന്നു ഞാൻ
വൈകിയാൽ ഇടനെഞ്ചു പൊട്ടുമെൻ
അമ്മയുടെ..........
അമ്മ മുഖം കാണുമ്പോൾ
ഞാനെന്റെ വിഷമമെല്ലാം
മറന്നീടുന്നു.......
കണ്ണിലെ കൃഷ്ണമണിപോൽ
കാത്തീടും എൻ അമ്മ.
അമ്മയാണെനിക്കിന്നെല്ലാം
മനസ്സാൽ നോവിച്ചിട്ടില്ലെന്നേ അമ്മ
ഒരു ഉരുള ചോറ് തരുമ്പോഴും
ഞാൻ ഈ ലോകം
തന്നേ  മറന്നീടുന്നു..

## കവിത

### മരം ഒരു അമ്മ

### അമ്മ ഒരു മരം

പൂക്കളായ് ഇലകളായ്
തണ്ടുമായ് നൽകുന്ന
വേരുള്ള സുന്ദരി അമ്മേ
എന്റെ സ്നേഹമുള്ള മര അമ്മേ.
എനിക്കിന്നുറങ്ങാനായ് എൻ
മിഴി പൂട്ടാനായ് നിൻ തണ-
ലൊന്നു തരില്ലേ എന്റെ
സ്നേഹമുള്ള മര അമ്മേ.
പാലൂട്ടി തരുന്നുണ്ടെന്നെ
സ്നേഹിക്കുന്ന പാവമെന്റെ
സുന്ദരി അമ്മേ എനിക്ക്
ദൈവമായ എന്റെ അമ്മേ.
മരം പോലെ ഞങ്ങളെ
കാക്കുന്നൊരമ്മ പ്രഭാതത്തിൽ
കണിയായി നിൽക്കുന്നൊരമ്മേ
എന്റെ ജീവൻെറജീവനാംഅമ്മേ.



## കവിത

### മാതൃഭാഷ

എന്നുടെ  ജനനിയാം എൻ ഭാഷ
എന്നുടെ താതനാം എന്റെ ഭാഷ
എന്നുടെ ഈശ്വനാം എൻ ഭാഷ
ഞാനാകുന്നൊരീ മാതൃഭാഷ.
എന്നെ ജനിപ്പിച്ച എൻ ഭാഷ
എന്നെ വളർത്തിയ എന്റെ ഭാഷ
സ്നേഹമാം അമൃതുനിറഞ്ഞൊഴു-
കുന്നൊരീ ആഴക്കടലാകും മാതൃഭാഷ.
തളിരിട്ടും മലരുമതെൻ ഭാഷ
പെയ്യുന്ന വർഷമതെൻ ഭാഷ
കളം കളം പാടി മെല്ലെയൊഴുകു-
മെൻ നദികളിലൊക്കെയും മാതൃഭാഷ.
അക്ഷര ചെപ്പിലുമെൻ ഭാഷ
പുസ്തകതാളിലുമെൻ ഭാഷ
എന്നെ പഠിപ്പിച്ചെൻ ഗുരുനാഥനാകുന്ന
എന്റെ മനസിലെ മാതൃഭാഷ.
സ്ഫുരണത്താൽ ജ്വലിക്കുമതെൻ ഭാഷ
ശൈത്യത്തിലുറയുമതെൻ ഭാഷ
ഹേമന്തകാലത്ത് പൊഴിയാതെ നിൽക്കു-
മെൻ ജീവന്റെ അംശമാം മാതൃഭാഷ.
ചക്ഷുവാം കാലമതിഴഞ്ഞുന
ങ്ങിടവേ മർത്ത്യൻ മറക്കുന്ന
മലയാളമാകുന്ന  മാതൃഭാഷ.



## കവിത

### പൊൻപൂമ്പാറ്റ



എന്തു നല്ല പൂമ്പാറ്റ
പാറിക്കളിക്കും പൂമ്പാറ്റ
നിന്നെ കാണാൻ എന്തു ഭംഗി
നിന്റെ ചിറകുകൾക്കാണേറെ ഭംഗി

തേൻകുടിക്കും പൂമ്പാറ്റ
ചിറകാട്ടും പൂമ്പാറ്റ
എന്തു നല്ല പൂമ്പാറ്റ
പാറിക്കളിക്കും പൂമ്പാറ്റ .

## കവിത


### ചുവന്നപൂവ്

റോസാപ്പൂവേ ,റോസാപ്പൂവേ,
ചുവന്നപൂവേ, റോസാപ്പൂവേ
നിന്റെ ഇലക്ക് പച്ചനിറം
നിന്റെ പൂവിന് ചോപ്പ് നിറം



റോസാപ്പൂവേ ,റോസാപ്പൂവേ,
ചുവന്നപ്പൂവേ, റോസാപ്പൂവേ
നിന്റെ പേര് ചെമ്പനിനീർ
രാവുണർന്നാൽ എഴുന്നേൽക്കും
എന്നെ നോക്കി പുഞ്ചിരിക്കും
റോസാപ്പൂവേ ,റോസാപ്പൂവേ
സുന്ദരിപ്പൂവേ ,റോസാപ്പൂവേ

# POEM


NATURE
I saw the morning sun in the sky
I saw the morning birds in the high
Nature Nature, pretty Nature
Nature Nature,beauty Nature
I saw the flowing river in the noon
I saw the glowing river in the noon
Nature Nature, pretty Nature
Nature Nature,beauty Nature
I saw the shining moon in the night
I saw the twinkling star in the night
Nature Nature, pretty Nature
Nature Nature,beauty Nature
oh god thank you for giving the –
pretty Nature
thank you for giving the –
beauty Nature
Nature Nature, pretty Nature
Nature Nature,beauty Nature

## POEM


RAIN
Come rain come
Rain come fast
Flowers are saying
Come please come.
Plants are saying
Come please come
Trees are saying
Come come fast.
The rain is saying
I come fast
You don't be sad
I come fast.

# കഥ

## അമ്മക്കിളിയും കുഞ്ഞും




www.shutterstock.com • 253872979

പണ്ട് പണ്ട് ഒരു കാട്ടിൽ അമ്മക്കിളിയും കുഞ്ഞും ഉണ്ടായിരുന്നു. ഒരു മരത്തിലായിരു അവരുടെ താമസം. എന്നും രാവിലെ അമ്മക്കിളി തീറ്റ തോടാൻ പോകും. കുഞ്ഞിനെ തനിച്ചാക്കിയാണ് പോകുക. ഒരു ദിവസം കുഞ്ഞിക്കിളിക്ക് പറക്കാനൊരു മോഹം. അവൾ അമ്മയോടു പറഞ്ഞു. "അമ്മേ, എനിക്ക് പറക്കണം.”

"അയ്യോ പറക്കാൻ നിനക്ക് കഴിയില്ല. നീ ചെറിയകുട്ടിയാണ്.അതുകൊണ്ട് നീ പറന്നാൽ താഴെ വീഴും.”

കുഞ്ഞിക്കിളി അതു അനുസരിച്ചു. രാവിലെ അമ്മ തീറ്റ തേടാൻ പോയ സമയം കുഞ്ഞിക്കിളി ആലോചിച്ചു. എല്ലാം കിളികളും പറക്കുന്നതു കണ്ട് അവൾക്ക് പറക്കാൻ തോന്നി. അവൾ പറക്കാൻ തുടങ്ങി. പെട്ടെന്ന് അവൾ താഴെ വീണു. അവൾ വീണത് ഒരു പുല്ലിന്റെ ഇടയിലേക്കാണ്.അവൾ എഴുന്നേറ്റു , കാടുകളിലൂടെ നടന്നു. അപ്പോഴാണ് തത്തമ്മയെ കണ്ടത്. "എന്താ ഇവിടെ ?അമ്മയെവിടെ?" അവൾ കാര്യങ്ങൾ പറഞ്ഞു. അവളെ വേഗം തന്നെ തത്തമ്മ കൂട്ടിലാക്കി.അപ്പോഴേക്കും അവളുടെ അമ്മ വന്നു. "എന്താ തത്തമ്മെ ഇവിടെ?" തത്തമ്മ കാര്യങ്ങൾ പറഞ്ഞു. കുഞ്ഞിക്കിളി സങ്കടത്തോടെ പറഞ്ഞു. "ഇനി ഞാൻ ഇങ്ങനെ ചെയ്യില്ല അമ്മേ." .അമ്മ അവളെ ചേർത്തുപിടിച്ച് അവളോടു പറഞ്ഞു. "സാരമില്ല, ഇനി ഇങ്ങനെ ചെയ്യരുത്." "ഇല്ല ,ഞാൻ ചെയ്യില്ല." അവൾ അമ്മയോടു ചേർന്നു നിന്ന് പുഞ്ചിരിച്ചു.

# കഥ

## കടമ

അവൾ ഉറങ്ങാനായി കിടന്നു .അവളുടെ കണ്ണുകളിൽ ഉറക്കക്ഷീണം ഇല്ല ,മറിച്ച് എന്തോ പറയാൻ വേണ്ടി വെമ്പിനിൽക്കുന്ന പൊട്ടാറായ ഒരു അഗ്നിപർവ്വതം പോലെ .ഒന്നു പൊട്ടിക്കരയണം എന്നുണ്ട്, പക്ഷേ ,തന്റെ കരച്ചിൽ കേട്ട് തന്നെ ആശ്വസിപ്പിക്കാനോ രക്ഷപ്പെടുത്താനോ ആരും വരില്ല എന്ന് അവൾക്ക് നന്നായിഅറിയാമായിരുന്നു .ബംഗ്ളാവു പോലുള്ള വീട്ടിലെ ഒരു മുറിയിൽ അവൾ തനിച്ചാണ്.അവളെ ഒരു ഭ്രാന്തിയെ പോലെ പൂട്ടിയിട്ടിരിക്കുകയാണ്.പതിയെപ്പതിയെ അവൾ മയങ്ങിഎന്തോ ഒരു അപത്തു വരുന്നതു പോലെ. ആരൊക്കെയോ നിലവിളിക്കുന്നു. ചുറ്റുപാടും വെള്ളം കൊണ്ട് നിറഞ്ഞിരിക്കുന്നു. എന്തുചെയ്യണമെന്നറിയാതെ കരയുന്നവരിൽ അവൾ അവളുടെ അച്ഛനെയും അമ്മയെയുമാണ് കണ്ടത് .അവരെ രക്ഷിക്കണമെന്നുണ്ട്.പക്ഷേ അവരിൽ നിന്നും വളരെ അകലെയാണ് അവൾ.എത്ര ശ്രമിച്ചിട്ടും അവരുടെ അടുത്തേയ്ക്ക് എത്താൻ സാധിക്കുന്നില്ല. .നിസ്സഹായത. ...."അമ്മേ" എന്ന നിലവിളിയോടെ അവൾ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു .കണ്ണുകൾ ചുറ്റും ഒന്ന് പരതി .കണ്ണുനീരിനേക്കാൾ വലിപ്പമുള്ള തുള്ളികൾ നെറ്റിയിലൂടെയും കഴുത്തിലൂടെയും ഒഴുകാൻ തുടങ്ങി .കുറച്ചു വെള്ളമെടുത്തു കുടിച്ചു .തൊണ്ട നന്നായി വരണ്ടിരുന്നു .നന്നായി കിതയ്ക്കുന്നുമുണ്ട്.എന്നുമില്ലാത്തൊരു ഭയം.ചിലപ്പോൾ ആ ദിവസം നാളെ ആയതുകൊണ്ടാവാം .കണ്ണടച്ച് ഒരുനിമിഷം പ്രാർത്ഥിച്ചു .എന്തൊക്കെയോ മനസ്സിൽ കണക്കു കൂട്ടി .ധൈര്യം സംഭരിച്ചുകൊണ്ട് അവൾ വീണ്ടും ഉറങ്ങാനായി കിടന്നു. അവളുടെ മനസ്സ് പണ്ടത്തെ കഥകളിലേക്ക് സഞ്ചരിക്കാൻ തുടങ്ങി ,പഴയകാലത്തിലേക്ക് .അവളുടെ അച്ഛനും അമ്മയ്ക്കും രണ്ട് പെൺമക്കളാണ്.മൂത്തവൾ ആദി.ഇളയവൾ അഭി. ആദിത്യ എന്നും അഭിരാമി എന്നുമാണ് ഇവരുടെ മുഴുവൻ പേര്. അഭിക്കും ആധിക്കും പരസ്പരസ്നേഹം വളരെ കൂടുതലാണ് .പക്ഷേ എപ്പോഴും വഴക്കാണ്. കൂട്ടുകുടുംബമായ വീട്ടിൽ ഏറ്റവും മൂത്ത കുട്ടി ആദിയാണ് .ഒരു പ്രത്യേക സ്നേഹം എല്ലാവർക്കും ആദിയോടുണ്ട്. വളരെ അച്ചടക്കത്തോടെയും സ്നേഹത്തോടെയും ആണ് അവരെല്ലാവരും അവരെ വളർത്തിയത്.തങ്ങളുടെ മക്കളെക്കാൾ കുടുംബാംഗങ്ങൾ അവരെ സ്നേഹിച്ചു .പഠനം പൂർത്തിയാക്കുന്നതിനായി അഭി ചെന്നൈയിലേക്ക് പോയി .എല്ലാവരുടെയും ശ്രദ്ധ പിന്നീട് ആദിയിലേയ്ക്കായി.ഒരു റാണിയെപോലെ അവൾ



വളർന്നു .അവൾക്ക് എല്ലാത്തിനുമുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു .അവൾ അധികം ആരോടും മിണ്ടാറില്ല. അതുകൊണ്ടുതന്നെ അവൾ വഴിതെറ്റി പോവില്ല എന്ന് അവർ എല്ലാവരും വിചാരിച്ചു. പക്ഷേ അവൾക്ക് ഒരാളുമായിസ്നേഹബന്ധം ഉണ്ടായിരുന്നു എന്ന് വൈകിയാണ് എല്ലാവരും മനസ്സിലാക്കിയത് .താൻ ജീവിക്കുന്നത് അയാളോടൊപ്പമായിരിക്കുമെന്ന് ജീവിക്കുന്നത് അവൾ ഉറപ്പിച്ചു പറഞ്ഞു. ഒരു ദിവസം വീട്ടിൽ എങ്ങും അവളെ കാണാൻ ഇല്ല .ഇനി അന്വേഷിക്കാൻ ഒരു സ്ഥലവും ബാക്കിയില്ല. ഒടുവിൽ അവർ അവളെ അവനോടൊപ്പം കണ്ടെത്തി. എത്ര പറഞ്ഞിട്ടും അവൾ അവനെ വിട്ടു വരുന്നില്ല .അവസാനം അവളെ അവളുടെ ഇഷ്ടത്തിന് അനുസരിച്ചു വിട്ടു ."ജനിച്ച അന്നുമുതൽ കണ്ടവരേക്കാൾ ഇന്നും ഇന്നലെയും കണ്ടവനെയാണ് അവർക്ക് ആവശ്യം ."അച്ഛൻ അമ്മയോട് പറഞ്ഞു .പിന്നെ ഒന്നും മിണ്ടാതെ അച്ഛൻ മുറിയിലേക്ക് പോയി. അമ്മ പൊട്ടിക്കരയാൻ തുടങ്ങി .അവളുടെ എല്ലാ സാധനങ്ങളും അവർ മുറ്റത്തേക്ക് വലിച്ചെറിഞ്ഞു .നമ്മളെ വേണ്ടാത്തവളെ നമുക്കും വേണ്ട .ഇനി അവളുടെ ഒരു സാധനവും ഇവിടെ പാടില്ല. ഇതും പറഞ്ഞ് അതെല്ലാം കൂട്ടിയിട്ട് കത്തിച്ചു .അഗ്നിയിൽ അവരുടെ ദുഃഖവും പങ്കുചേർന്നു.

എന്നാൽ അവളുടെ സ്നേഹവും സന്തോഷവും അധികകാലം നീണ്ടുനിന്നില്ല. അവളെ അവൻ ഉപേക്ഷിച്ചു .അവൻ ഒരു നീചൻ ആയിരുന്നു അവൻ ചതിച്ചവരിൽ ഒരുവൾ മാത്രമായിരുന്നു അവൾ .ജീവിതം എന്ന ചിത്രത്തിൽ നിന്നും അവൾ പതിയെ പതിയെ മാഞ്ഞു തുടങ്ങി .പിന്നീട് കേട്ടത് പിന്നീട് കേട്ടത് അവളുടെ മരണവാർത്തയായിരുന്നു. കുടുംബം വീണ്ടുംസങ്കടക്കടലിൽ മുങ്ങി കൊണ്ടിരുന്നു. എന്നാൽ ഇതൊന്നും ആദിയെ അറിയിച്ചിരുന്നില്ല. അവൾ പഠനം പൂർത്തിയാക്കി വരുമ്പോൾ കാണുന്നതുവെള്ള പുതച്ച അവളുടെ ചേച്ചിയെയാണ്. ആ ഷോക്കിൽ നിന്നും മോചിതയാവാൻ അവൾക്ക് ഒരുപാട് സമയം വേണ്ടി വന്നു. അവൾ അന്വേഷിച്ചു അവളുടെ ചേച്ചിക്ക് എന്താണ് സംഭവിച്ചതെന്ന് .

കോഴി കൂവി .തുറന്നിട്ട ജനാലയിലൂടെവെളിച്ചം പതിയെ പതിയെ വന്നുതുടങ്ങി. അവൾ അവളുടെ പഴയകാല സ്വപ്നങ്ങളോട് വിട പറഞ്ഞു. എഴുന്നേറ്റു .എല്ലാം എന്നത്തേയും പോലെ .ഒരു മാറ്റവുമില്ല. അവൾ ഇന്നൊരു ഭാര്യയാണ്. എന്നാൽ അവളെ ഒരു റൂമിൽ പൂട്ടിയിട്ടിരിക്കുന്നു. നേരം വൈകുന്നേരമായി തുടങ്ങി. ആരോ വാതിൽതുറന്ന് അകത്തേക്ക് വരാൻ ശ്രമിക്കുന്നു.വാതിൽ തുറന്നതും അയാളുടെ



വയറ്റിലേക്ക് അവൾ ഒറ്റ കുത്ത്... അയാളുടെ രക്തം അവളുടെ താലിയിലേക്ക് തെറിച്ചുവീണു .പക പൂണ്ട് മരിച്ച ഒരാത്മാവിനെ പോലെ അവൾ അയാളുടെ ശരീരം കീറി മുറിവേൽപ്പിച്ചു .കുത്തുന്ന തിനിടയിൽ അവൾ എന്തൊക്കെയോ പറയുന്നുണ്ട് .ചോദിക്കുന്നും ഉണ്ട്. അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ നദിയായി ഒഴുകി

കൊണ്ടിരിക്കുന്നു .ഒരു പെണ്ണും ഇനി നീ കാരണം വേദനിക്കരുത് .അവൾ അവനോടു പറഞ്ഞു.അവൻെറ ശ്വാസം നിലച്ചു. അവളുടെ ചേച്ചിയെ അവൾ അവിടെ കണ്ടു. ആനന്ദത്തിൽ കുളിച്ചുനിൽക്കുന്ന ചേച്ചി പെട്ടെന്ന് മായയായി മാറി .അ കത്തിയും കയ്യിൽ പിടിച്ച് മുകളിലേക്ക് നടന്നു .തൻെറചേച്ചി ജീവനൊടുക്കിയ സ്ഥലത്തേക്ക് .കത്തിയിൽ നിന്നും ഓരോ തുള്ളികളായി രക്തം തറയിലേക്ക് ഇറ്റിക്കൊണ്ടിരുന്നു .അവൾ ജനലിലൂടെ കത്തി താഴേക്ക് ഇട്ടു .കൈയും മുഖവും നന്നായി കഴുകി. ഈ ദിവസത്തിന് വേണ്ടിയാണ് അവൾ കാത്തിരുന്നത്.മേശക്കരികിലേക്ക് അവൾ ചെന്നു.ഒരുമെഴുകുതിരിയുടെ നാളം മാത്രമേ മുറിയിലുള്ളൂ. ഒരു പേനയും കയ്യിലെടുത്ത് അവൾ എന്തോ ഒരു പേജിൽ കുറിക്കാൻ തുടങ്ങി .പുറത്ത് ശക്തമായി മഴപെയ്യുന്നു .നല്ല തണുത്ത കാറ്റ് വന്ന് അവളുടെ പാറി കിടക്കുന്ന മുറിയിലേക്ക് ആഞ്ഞടിക്കുന്നു. നല്ല മഴ പുറത്ത് പെയ്യുന്നുണ്ട്.അവളുടെ ആനന്ദത്തിൽ അവൾ അതൊന്നും കാര്യമാക്കിയില്ല .കണ്ണുകളിൽനിന്നും ധാരധാരയായി കണ്ണുനീർ ഒഴുകുന്നു.അടുത്തിരിക്കുന്ന ഗ്ലാസ് വെള്ളമെടുത്ത് അവൾ നിർത്താതെ കുടിച്ചു. വളരെ ക്ഷീണിതയായ അവൾ ഉറങ്ങാനായി കിടന്നു .പിറ്റേന്ന് അവൾ എഴുന്നേറ്റില്ല.അവസാനമായി അവൾ കുടിച്ച വെള്ളത്തിലെ വിഷം അവളുടെ ജീവൻ എടുത്തിരുന്നു.അങ്ങനെ ജീവിതം എന്ന ചിത്രത്തിൽ നിന്നും അഭിയും ആദിയും പിന്നെ അവനും പൂർണമായും മാഞ്ഞു. തൻെറ ചേച്ചിയോടുള്ള കടമ നിറവേറ്റുന്നതിനായി അഭി തൻെറ ഭർത്താവിനെയാണ് കൊന്നത്. കാരണം അയാൾ അവളുടെ ചേച്ചിയുടെയും ഭർത്താവായിരുന്നു........................

കഥ

## ചാരുകസേര

സുദീപ് എസ്എ

2006-ൽ ഇരുമ്പിളിയം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ സർക്കാർ ജോലിയിൽ പ്രവേശിച്ച ദിവസം ഞാൻ ആദ്യം പരിചയപ്പെടുന്നത് സ്കൂളിലെ ഗണിതശാസ്ത്ര അധ്യാപകനായിരുന്ന ശ്രീ തോമസ് മാസ്റ്ററെ ആണ്. സ്കൂളിലെ ജീവനക്കാരെഎല്ലാം പരിചയപ്പെടുവാനായി ഞാൻ സ്റ്റാഫ്റൂമിലേക്ക് പോയപ്പോൾ സ്റ്റാഫ്റൂമിന്റെ ഒരു കോർണ്ണറിൽ തനിക്ക് മാത്രം അവകാശപ്പെട്ട ഒരു മരക്കസേരയിൽ ഇരുന്ന് ഒരു തുണ്ട് കടലാസിൽ എന്തൊക്കെയോ കണക്കുകൾ കൂട്ടിക്കൊണ്ടിരിക്കുന്ന തോമസ് മാസ്റ്ററെ അന്ന് ഞാൻ കുറേനേരം നോക്കിയിരുന്നു. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനായി ഇദ്ദേഹം വളരെക്കുറച്ചുമാത്രമേ സംസാരിക്കുന്നുണ്ടായിരുന്നുള്ളൂ. സംസാരിക്കുന്ന കാര്യങ്ങളാകട്ടെ എല്ലാം മൊഴിമുത്തുക ളായിരുന്നു .തിരുവനന്തപുരം വെള്ളയമ്പലം സ്വദേശിയായ തോമസ് മാസ്റ്ററോട് "അന്തർജില്ലാ സ്ഥലമാറ്റം അപേക്ഷ കൊടുക്കാറേില്ല "?എന്ന് ഞാൻ ചോദിച്ചു. "ജോലിയിൽ കയറിയ കാലംമുതൽ ആ ചടങ്ങ് കൃത്യമായി ഞാൻ പാലിച്ചു പോരുന്നുണ്ട് മാഷെ "എന്നായിരുന്നു അദ്ദേഹത്തിൻറെ ലളിതമായ മറുപടി. തോമസ് മാസ്റ്റർ സ്റ്റാഫ്റൂമിൽ അദ്ദേഹത്തിന് മാത്രം അവകാശപ്പെട്ട മരക്കസേരയിൽ മാത്രമേ ഇരിക്കാറുണ്ടായിരുന്നുള്ളൂ.



2006 -2007 അധ്യയനവർഷം അവസാനമായി തുടങ്ങിയപ്പോഴേക്കും തോമസ് മാസ്റ്റർ വളരെയധികം വിഷണ്ണനായി കാണപ്പെട്ടിരുന്നു. പിന്നീടാണ് വരുന്ന 2007 മാർച്ച് 31 ന് തോമസ് മാസ്റ്റർ തന്റെ സുദീർഘമായ 29 വർഷത്തെ സേവനത്തിൽ നിന്നും വിരമിക്കാൻ പോവുകയാണ് എന്ന കാര്യം ഞാൻ മനസ്സിലാക്കുന്നപത്. സർവ്വീസിൽ നിന്നും വിരമിക്കാൻ പോകുന്നു എന്ന കാര്യം തോമസ് മാഷിനെ വളരെയധികം വിഷമിപ്പിച്ചിരുന്നു. എന്നാൽ അദ്ദേഹം ഈ വിഷമം പുറത്തുകാട്ടിയിരുന്നില്ല."റിട്ടയർമെന്റ് തോമസ് മാഷിന് വളരെയധികം പ്രയാസമുണ്ടാക്കുന്നുണ്ട് അല്ലേ? " എന്ന് ഒരു ദിവസം ഞാൻ തോമസ് മാസ്റ്ററോട് ചോദിച്ചപ്പോൾ അദ്ദേഹം ഒറ്റവാക്കിൽ എന്നോട് പറഞ്ഞ മറുപടി "റിട്ടയർമെൻറ് എന്നതിൻറെ മലയാളം അടുത്തുൺ പറ്റുക എന്നല്ലേ ?"എന്നായിരുന്നു. അദ്ദേഹത്തിൻറെ ഒറ്റവാക്കിലുള്ള ഈ മറുപടി തന്നെയാണ് എന്റെ അദ്ദേഹത്തോടുള്ള ചോദ്യത്തിനുള്ള ശരിയായ മറുപടി എന്ന് ഞാൻ പിന്നീട് മനസ്സിലാക്കി. 2014 ശമ്പള പരിഷ്കരണങ്ങൾക്ക് മുമ്പുവരെ ഒരു സാധാരണ തസ്തികയിൽ വിരമിക്കുന്ന സർക്കാർ ജീവനക്കാരന് അവന്റെ ജീവിതം കരക്കടുപ്പിക്കുവാൻ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ

ലഭിക്കുന്നത് വരെ കാത്തിരിക്കണമായിരുന്നു .ഫെബ്രുവരി ആദ്യവാരം ആയപ്പോഴേക്കും തോമസ് മാസ്റ്റർ തന്റെ GPF ക്ലോഷർ അപേക്ഷ A.G ക്ക് സമർപ്പിക്കുകയും മാർച്ച് ആദ്യവാരം തന്നെ അദ്ദേഹത്തിന് സേവനത്തിലെ ആകെയുള്ള പ്രൊവിഡന്റ് ഫണ്ട് സമ്പാദ്യമായ 6,20000/- രൂപ പാസായി വരികയും ചെയ്തു. ഒരു വെള്ളിയാഴ്ച ദിവസം ഞാനും തോമസ് മാഷും തന്റെ ജിപിഎഫ് ക്ലോഷർ ക്യാഷ് ചെയ്യുന്നതിനായി വളാഞ്ചേരിയിൽ സബ്ട്രഷറിയിൽ പോയി .ട്രഷറി ക്യാഷ് കൗണ്ടറിൽ നിന്ന് ക്യാഷ് കിട്ടിയപ്പോൾ മൂന്നുംനാലും വട്ടം പണം എന്നിട്ടും സംശയം തീരാതെ വീണ്ടും എണ്ണുന്നത് കണ്ടപ്പോൾ ഞാൻ തോമസ് മാസ്റ്ററോട്" എത്ര എണ്ണിനോക്കി നോക്കിയിട്ടും കണക്ക് ശരിയാകുന്നില്ലേ..മാഷേ ? " എന്ന് ചോദിച്ചു .അദ്ദേഹം അല്പം വിഷമത്തോടെ പതിവ്പോലെ ഒറ്റവാക്കിൽ മറുപടി പറഞ്ഞു "എനിക്ക് രണ്ട് പെൺകുട്ടികളാണ് .അതുകൊണ്ടാണ് കണക്കുകൾ ശരിയാകാത്തത്" എന്ന്. അദ്ദേഹം ഒരു സമയത്ത് റൂമിലിരുന്ന് കൂട്ടിയിരുന്നത് ജീവിതത്തിലെ കണക്കുകളായിരുന്നു എന്ന സത്യം അന്നാണ് ഞാൻ

മനസ്സിലാക്കിയത്. സ്കൂളിലെ എല്ലാ കുട്ടികൾക്കുംതോമസ് മാഷിനെ വളരെയധികം ഇഷ്ടമായിരുന്നു. കുട്ടികൾക്ക് ശിക്ഷകൾ നൽകുന്ന കാര്യത്തിൽ മുൻപന്തിയിൽ തന്നെയായിരുന്നു മാഷ്.എന്നാൽ അദ്ദേഹം ശിക്ഷകൾ നൽകിയിരുന്ന കുട്ടികളായിരുന്നു മറ്റു കുട്ടികളെക്കാൾ അദ്ദേഹത്തെ

ഇഷ്ടപ്പെട്ടിരുന്നതും ."കുട്ടികൾ തെറ്റ് ചെയ്താൽ എന്ന് ആദ്യം അവരെ ബോധ്യപ്പെടുത്തി അതിന് അർഹമായ ശിക്ഷകൾ നൽകുമ്പോൾ അവർക്ക് നമ്മോടുള്ള ഇഷ്ടം കൂടുകയാണ് ചെയ്യുന്നത്" എന്നാണ് ഇതിന് തോമസ് മാസ്റ്റർ മറുപടി നൽകിയിരുന്നത് .

2007 മാർച്ച് 31 ന് സ്റ്റാഫ് അറ്റൻറൻസ് രെജിസ്റ്ററിൽ തോമസ് മാസ്റ്റർ തൻെറ സുദീർഘമായ സേവനത്തിലെ അവസാനദിവസത്തെ ഒപ്പുരേഖപ്പെടുത്തി. 4 മണിക്ക് ശേഷം അദ്ദേഹം സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ എത്തിയപ്പോൾ അവിടെ കണ്ണ് നിറയാത്ത ഒറ്റ അധ്യാപകരും ജീവനക്കാരും വിദ്യാർത്ഥികളും ഉണ്ടായിരുന്നില്ല. ചടങ്ങിനുശേഷം അദ്ദേഹത്തെ നാട്ടിലേക്ക് യാത്രയാക്കാൻ തയ്യാറാക്കി നിർത്തിയിരുന്നവണ്ടിയിലേക്ക് മുൻസീറ്റിൽ ആരോടും ചോദിക്കാതെ ഞാനും കയറിയിരുന്നു .കാരണം അദ്ദേഹത്തിന് വീടും കുടുംബവും കാണാൻ ഞാൻ അത്രത്തോളം ആഗ്രഹിച്ചിരുന്നു .തോമസ് മാഷ് എൻെറ അടുത്തു തന്നെയാണ്ഇരുന്നത്. അദ്ദേഹം വണ്ടിയിലേക്ക് കയറി ഇരുന്നപ്പോൾ അന്നത്തെ സ്കൂൾ സ്റ്റാഫ് സെക്രട്ടറി ശ്രീ.സലീം മാസ്റ്റർ, മാസ്റ്റർ തോമസ് മാസ്റ്റർ ഇരുന്നിരുന്ന മരക്കസേരയും വണ്ടിയിലേക്ക് കയറ്റിവച്ചു .കാരണം ആ മരക്കസേര ഇല്ലാതെ തോമസ്‌മാഷിൻെറ ജീവിതം പൂർണമാവില്ല എന്ന്‌സലീം മാസ്റ്റർക്കും അറിയാമായിരുന്നു.



www.shutterstock.com · 668562070

ഭാര്യയും അമ്മയും അച്ഛനും PG യും BEd ഉം ചെയ്യുന്ന അവിവാഹിതരായ തന്നെ രണ്ട് പെൺകുട്ടികളും ഉള്ള തിരുവനന്തപുരം വെള്ളയമ്പലത്തെ തോമസ് മാഷിൻെറ ഓട്ടുമേഞ്ഞ ചെറിയ വീട്ടിൽ ഞങ്ങൾ അദ്ദേഹവുമായി എത്തിയപ്പോൾ രാത്രി വളരെ വൈകിയിരുന്നു .വാഹനം ഇറങ്ങിയ ഉടനെ സലീം മാസ്റ്റർ തോമസ് മാഷിൻെറ മരക്കസേര അദ്ദേഹത്തിൻെറ റൂമിൽ ടേബിളിനോട് ചേർത്ത് ഇട്ടു. പിന്നീട് തോമസ് മാഷിനെ വിളിച്ച് കസേരയിലിരുത്തി .അദ്ദേഹത്തിൻറെ മുഖത്ത് ഒരുപാട് പ്രതീക്ഷകൾ അപ്പോൾ എനിക്ക് വായിച്ചെടുക്കാമായിരുന്നു. പ്രഭാതഭക്ഷണശേഷം രാവിലെയാണ് ഞങ്ങൾ നാട്ടിലേക്ക് തിരിച്ചത്. സുദീർഘമായ പത്ത് വർഷങ്ങൾക്കുശേഷം 2017 ഞാൻ തിരുവനന്തപുരം ഡിപിഐ ഓഫീസിൽ പോയി മടങ്ങവെ തോമസ് മാഷിൻെറ വെള്ളയമ്പലത്തെ വീട്ടിൽ പോയിരുന്നു .ഓട്ടുമേഞ്ഞ ചെറിയ വീട് നിന്നിരുന്ന സ്ഥാനത്ത് രണ്ടു മുറികളുള്ള ചെറിയ ഒരു ടെറസ് വീട് ഞാൻ കണ്ടു. വീടിൻെറ ഉമ്മറത്തെ ചാരുകസേരയിൽ വലിയ വാർദ്ധക്യമൊന്നും പ്രകടമാകാതെ തോമസ് മാസ്റ്റർ ഇരിപ്പുണ്ടായിരുന്നു. തോമസ് മാഷിനെ കണ്ടപ്പോൾ ആകാംക്ഷയോടെ ഞാൻ അദ്ദേഹത്തോട് ചോദിച്ചു.”മാഷേ,ആ പഴയ മരക്കസേര മാറ്റിയോ?" തോമസ് മാഷ് പതിവു ശൈലിയിൽ മറുപടി പറഞ്ഞു. "ജീവിതത്തിലെ

കണക്കുകൂട്ടലുകളെല്ലാം കർമ്മ പദത്തിൽ എത്തി എന്ന് തോന്നിയപ്പോൾ ആ കസേരയുടെ ചാരുപടി ഒന്ന് നിവർത്താം എന്ന് എനിക്ക് തോന്നി അങ്ങനെയാണ് പഴയ മരക്കസേര ചാരുകസേര ആക്കിമാറ്റിയത്." തോമസ് മാഷിൻെറ വാക്കുകൾ കേട്ടപ്പോൾ വീടിൻെറ ഭിത്തിയിൽ തറച്ചിരുന്ന ഫോട്ടോയിലേക്ക് ഞാൻ നോക്കി. മാഷിൻെറ രണ്ട് പെൺകുട്ടികളുടെ യുംവിവാഹഫോട്ടോ ആ ഭിത്തിയിൽ തൂങ്ങിക്കിടപ്പുണ്ടായിരുന്നു........................

## യാത്രാവിവരണം സന

ജീവിതത്തിലൊരിക്കലും മറക്കാൻ സാധിക്കാത്ത ഒരു യാത്രയായിരുന്നു അത്.എന്റെ ഏറ്റവും പ്രിയപ്പെട്ടവരോടൊപ്പം ഒന്നിച്ചുള്ള സ്കൂൾ വിനോദയാത്ര. അന്ന് വൈകുന്നേരം ആറുമണി ആകാൻ പോകുന്ന എല്ലാ കുട്ടികളും കാത്തിരിക്കുകയായിരുന്നു. ബാഗും മറ്റും പാക്ക്ചെയ്ത് വളരെ നേരത്തെ തന്നെ ഞാൻ വീട്ടിൽ നിന്ന് അമ്മയോടൊപ്പം ഇറങ്ങി. പോകുന്ന വഴിയിൽ എൻെറ സഹപാഠിയെയും കൂട്ടി സ്കൂളിലെത്തി.ഏകദേശം ഒരു 7.30 മണിയോടെ ഞങ്ങൾ വരിവരിയായി വണ്ടിയിൽ കയറി. എല്ലാവരോടും ബസ്സിലെ ജനാലയിലൂടെ യാത്രപറഞ്ഞു. മനസ്സിന്റെ ആനന്ദം പിടിച്ചുനിർത്താൻ കഴിയുന്നതിലും അധികമായിരുന്നു. ബസ് സ്റ്റാർട്ട് ആക്കിയതും



ഞങ്ങൾ ആഹ്ലാദത്താൽ ആർപ്പുവിളി മുഴക്കി. ഡാൻസ് ചെയ്തു. എല്ലാം മറന്ന് സന്തോഷത്തോടെ സ്വതന്ത്രമായി ഞങ്ങൾ ടീച്ചർ മാരോടൊപ്പം കളിച്ചു രസിച്ചു .എല്ലാവരും തങ്ങൾ കൊണ്ടുവന്ന പലഹാരങ്ങളും മറ്റും പരസ്പരം കൈമാറി.സത്യത്തിൽ കഴിച്ചതൊക്കെ ആരുടെയാണ് എന്ന് പോലും അറിയില്ലായിരുന്നു.

സമയം കൃത്യം അറിയില്ല.ഞങ്ങൾ സിനിമകാണാൻ വണ്ടി വളാഞ്ചേരിയിൽ നിർത്തി. ഒരു വലിയ സിനിമ തിയേറ്ററിൽ കയറി."എന്തിരൻ 2.0 "

എന്ന രജനികാന്തിന്റെ സിനിമ കണ്ടു. ഞങ്ങൾ അവിടെ വെച്ച് ഒരുപാട് ഫോട്ടോകൾ എടുത്തു. സിനിമ ഒരു പേടിക്കേണ്ട സിനിമയായിരുന്നു. എന്നാൽ എല്ലാവരും ഒന്നിച്ചുള്ളതിനാൽ ആ പേടി അറിഞ്ഞില്ല. എന്റെ ജീവിതത്തിലെ ആദ്യത്തെ 3D കണ്ണട വെച്ചിട്ടുള്ള ഒരു സിനിമയാണത്. പിന്നീട് വീണ്ടും വണ്ടിയിൽ കയറി ഡാൻസ് ചെയ്യാൻ തുടങ്ങി. അധ്യാപകരെല്ലാം ഉറങ്ങിയെങ്കിലും ഞങ്ങൾ കുട്ടികൾ പിന്നെയും ഡാൻസ് കളിക്കുകയും പരസ്പരം സംസാരിച്ചിരിക്കുകയും ചെയ്തു. കുറച്ച്കഴിഞ്ഞപ്പോൾ ഞങ്ങൾക്ക് തണുപ്പ് അനുഭവപ്പെടാൻ തുടങ്ങി. ഞങ്ങൾ എല്ലാവരും തണുപ്പകറ്റാനുള്ള വസ്ത്രങ്ങൾ ധരിച്ചു കുറച്ചുനേരം എല്ലാവരും നിശബ്ദരായി വിശ്രമിക്കുകയും ഉറങ്ങുകയും ചെയ്തു. അങ്ങനെ ഞങ്ങൾ ഊട്ടി എന്ന വിനോദസഞ്ചാര പ്രദേശത്തെത്തി. എങ്ങും മഞ്ഞ് മൂടിയിരിക്കുന്നു. പ്രഭാതത്തിലെ



സൂര്യകിരണങ്ങൾ ഭൂമിയെ തൊട്ടുണർത്തി,നേരം പുലർന്നു എന്ന് അറിയിക്കുന്നു. കഠിനമായ മഞ്ഞിൽ തണുത്തുറഞ്ഞ മഞ്ഞനിറത്തിലും ചുവപ്പുനിറത്തിലുമുള്ള അനേകം പുഷ്പങ്ങൾ ഞങ്ങളെ വരവേൽക്കാനായി ശോഭയോടെ നിൽക്കുന്നു. കച്ചവടക്കാർ, വിൽപ്പനക്കാർ ,ജോലിക്കാർ എന്നിവരെല്ലാം അവരവരുടെ തിരക്കിൽ മുഴുകി ഞങ്ങളുടെ മുന്നിലൂടെ കടന്നുപോകുന്നു .വേറെയും സ്കൂളിൽ നിന്നും വന്ന സ്കൂൾ വിദ്യാർത്ഥികൾ . ഊട്ടി എത്തി എന്ന് വിളിച്ചുപറയാൻ ധൃതി പിടിക്കുന്നു ഞാനും എന്റെ സഹപാഠികളും. മഞ്ഞ് നിറഞ്ഞ

പ്രഭാതത്തിൽ  സെൽഫി എടുക്കുന്ന ഒരു കൂട്ടർ.എന്നിങ്ങനെ തുടരുന്ന അനേകം സംഘം. ഞങ്ങൾ ഒന്ന് ഫ്രഷ് ആവാൻ വേണ്ടി ഞങ്ങൾക്ക് ആഹാരം ബുക്ക് ചെയ്തിട്ടുള്ള ഹോട്ടലിനടുത്തുള്ള ഡ്രസിംഗ് റൂമിലെത്തി എത്രയും പെട്ടെന്ന് ഇറങ്ങണം എന്നാണ് സാർ പറഞ്ഞത്.എന്നാൽ ഞങ്ങൾ പെൺകുട്ടികളുടെ ഒരുക്കം കഴിഞ്ഞു വരുമ്പോഴേക്കും ഒരൽപ്പം നേരം  വൈകിയെന്നു തോന്നുന്നു. അന്ന് രാവിലെ ഞങ്ങൾ ആ ഹോട്ടലിൽനിന്ന് പ്രഭാതഭക്ഷണം കഴിച്ചു എന്നിട്ട് ഒരു ദോഡാപേട്ടാപീക്ക് എന്ന സ്ഥലത്തെത്തി. ഞങ്ങൾ ഒരുപാട് സെൽഫി എടുത്തു .ചോക്ലേറ്റിന്റെ വില ചോദിച്ചറിഞ്ഞു. ഞങ്ങൾ പാവയും മാലയും വളയുമൊക്കെ വാങ്ങാൻ നോക്കി.അവിടെ നല്ല വില കുറവ് തോന്നി .എന്റെ ഏറ്റവും പ്രിയപ്പെട്ട  നയന,ശ്രേയ എന്നീ കൂട്ടുകാരികളോടൊപ്പം ഞങ്ങൾ പോകുന്നതിനുമുമ്പ് പ്ലാൻ ചെയ്തതു പോലെ 3  ഫോട്ടോ എടുത്തു അവർ അത് അപ്പോൾ തന്നെ ഞങ്ങൾക്ക് കോപ്പി ആക്കി തന്നു. ജീപ്പ് യാത്ര വളരെ മനോഹരമായിരുന്നു അവിടേക്ക് പോയതും വന്നതും ജീപ്പിലായിരുന്നു ചോക്ലേറ്റ്,തേയില ഫാക്ടറി എന്നിവിടങ്ങളിലേക്കായി യാത്ര. ഞങ്ങൾക്ക് അവിടെ ചായയും ചോക്ലേറ്റും സാമ്പിൾ നോക്കാനായിതന്നു. ഞാൻ അവിടെനിന്ന് ചോക്ലേറ്റ് വാങ്ങി എൻറെ ചില കൂട്ടുകാർ തേയില പാക്കറ്റും ചോക്ലേറ്റും അങ്ങനെ പലതും വാങ്ങിയിരുന്നു. ഞങ്ങളുടെ പ്രിയപ്പെട്ട റോബിൻസാർ ഒരുപാട് ചോക്ലേറ്റ് അപ്പോൾ അവിടെ നിന്ന് വാങ്ങുന്നുണ്ടായിരുന്നു .ആദ്യം വിചാരിച്ചത് അതൊക്കേയും സാറിനാണ് എന്നായിരുന്നു . എന്നാൽ പിന്നെയാണ് ഞങ്ങൾക്ക് മനസ്സിലായത് ടൂറിനു വരാത്ത പ്രിയ കൂട്ടുകാർക്കും മറ്റു ടീച്ചേഴ്സിനുംവേണ്ടിയായിരുന്നു എന്ന്.അവരൊന്നും വരാത്തതിൽ ഞങ്ങൾ എല്ലാവർക്കും ഒത്തിരി സങ്കടമുണ്ടായിരുന്നു .അങ്ങനെ ഞങ്ങൾ ഉച്ചക്ക് ബിരിയാണി കഴിച്ചു. ഹോട്ടലിൽനിന്ന് പിന്നീട്

ഞങ്ങൾ പോയത് ബൊട്ടാണിക്കൽ ഗാർഡനിലാണ്.വളരെ മനോഹരമായ സ്ഥലം .ഞാൻ രണ്ടാമത്തെ തവണയാണ്

അവിടെ പോകുന്നത്. ഈ ദിവസംനേരം വൈകുന്തോറും ദുഃഖമായിരുന്നു ഈ ദിവസം തീർന്നല്ലോ എന്ന് ഓർത്ത്. ഞങ്ങളുടെ ടീച്ചേഴ്സ് പറഞ്ഞു നിങ്ങൾ സ്വതന്ത്രമായി നടന്നോളൂ കൃത്യം ആറ് മണിക്ക് മുൻപേ അവർ നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് എത്തണം. ഞങ്ങൾ ഇഷ്ടാനുസരണം ഒരുപാട് ഫോട്ടോകൾ എടുത്തു, അവിടെ ഓടി കളിച്ചു രസിച്ചു ,പെട്ടെന്നുതന്നെ സമയം പോയി, .എല്ലാവരും കൂടി വരിവരിയായി ബസ്സിൽ കയറി തുടങ്ങിയിരുന്നു ,തണുപ്പ് നല്ലവണ്ണം അനുഭവപ്പെടാൻ തുടങ്ങിയിരുന്നു .ഞങ്ങൾ രാത്രി ഭക്ഷണം കഴിച്ച് വണ്ടിയിൽ കയറി ഡാൻസ് ചെയ്തു. അപ്പോഴെല്ലാം ഉള്ളുനിറയെ സങ്കടമായിരുന്നു . യാത്ര തീരുന്നു എന്ന് ഓർത്തു സാറിനോട് പറയണമെന്നുണ്ട് സാർ, ഒരു ദിവസംകൂടി എന്നാൽ ഞങ്ങളുടെ ബഡ്ജറ്റ്, അനുവദിച്ച ദിവസം, വസ്ത്രം എന്നിവയെല്ലാം പ്രതികൂലമായിരുന്നു .അങ്ങനെ ഞങ്ങൾ ഒരു പുലർച്ചെ മൂന്നുമണിയോടെ സ്കൂളിലെത്തി .പെൺകുട്ടികൾ കമ്പ്യൂട്ടർ ലാബിലും10a ക്ലാസിൽ ആൺകുട്ടികളും താമസിച്ചു. എന്നാൽ അപ്പോഴെല്ലാം ഉള്ളിലെ സങ്കടം അലയടിച്ചിരുന്നു .യത്ര തീർന്നല്ലോ എന്ന് ഓർത്ത്.. ജീവിതത്തിലൊരിക്കലും മറക്കാത്ത ഓർമ്മകൾ ലഭിച്ച ഒരു യാത്രയായിരുന്നു അത്. ഈ യാത്ര ഇനി ഞാൻ ഒരിക്കലും മറക്കില്ല . ഒരുതവണ കൂടി പോകണമെന്ന് ആഗ്രഹം ഉണ്ട്. എന്നാൽ പോയ നാളുകൾ തിരികെ വരില്ലല്ലോ. ആ നല്ലനാളുകൾ ഇന്നും എന്നും എൻെറ മനസ്സിൽ മറക്കാതെ ഉണ്ടാകും.

# ലേഖനം-ഹിന്ദി

ലിയ.കെ

## मेरे प्रिय साहित्यकार


हिन्दी साहित्य के सबसे अधिक पढ़े जाने वाले और लोकप्रिय लेखक प्रेमचंद जी ने हिन्दी की कहानी और उपन्यास की एक सुदृढ़ नींव प्रदान की और यथार्थवादी चित्रण से देश वासियों का दिल जीत लिया। भारतीय समाज की कुरीतियों और विडम्बनाओं को अपनी कहानियों का विषय बनाने वाले प्रेमचंद जी का जन्म 31 जुलाई 1880 को वाराणसी के निकट लमही, गाँव में हुआ था। उन्हें 'मुंशी प्रेमचंद' व 'नवाबराय' के नाम से भी जाना जाता है। प्रेमचंद जी का मूल नाम धनपत राय श्रीवास्तव था। अपने मित्र मुंशी दयानारायण निगम के सुझाव पर वे धनपतराय की जगह पर प्रेमचंद के उपनाम से लिखने लगे थे। प्रेमचंद जी को 'उपन्यास सम्राट' के नाम से सर्वप्रथम बंगाल के विख्यात उपन्यासकार शरतचंद चट्टोपाध्याय ने संबोधित किया था। प्रेमचंद जी बहुत ही हँसमुख स्वभाव के थे। उनकी प्रारंभिक कहानियाँ आदर्शवादी थीं किन्तु बाद में उनका दृष्टिकोण यथार्थवादी हो गया प्रेमचंद के प्रमुख उपन्यासों में प्रेमाश्रम, सेवा सदन, गबन, गोदान निर्मला है। प्रेमचंद हिन्दी साहित्य के युग प्रवर्तक है। उनकी भाषा आसानी से समझ आती है। और गहराई से दिल में उतर जाती है। आज भी वह हम सब के बीच अपनी कहानियों और उपन्यासों के माहात्म्य से जीवित है।

Liya.K
X. B

## ചിത്രങ്ങൾ




വിമിഷ


Sallu

# സൽമാൻ ഫാരിസ് കെ.വി




Nandana.P
X : A




ശ്രീലക്ഷ്മി

സന സി എം


SANA·C·M

# ഡിജിറ്റൽ പെയ്ൻറിങ്















സൽമാൻ ഫാരിസ്

## ചിന്താശകലം

# ഉറുമ്പ്

"ഉറുമ്പ് ഒരു ചെറിയ ജീവിയാണെങ്കിലുംആ ജീവിതത്തിൽ നിന്നും നമുക്ക് കുറേ പഠിക്കാനുണ്ട് "

"വലിപ്പത്തിലല്ല കാര്യം, പ്രവൃത്തിയിലാണ്"



# ഫലിതം




**ബിൻഷാൽ**

# ഫലിതം




## നന്ദി

മനസ്സിലെ ആഗ്രഹങ്ങളും വികാരങ്ങളും സ്വന്തം തൂലിക കൊണ്ട് വരച്ചുകാട്ടിയ പ്രിയ കൂട്ടുകാർക്ക്, അധ്യാപകർക്ക്,ഈ മാഗസിൻെറ പ്രവർത്തനങ്ങളിൽ ആദ്യം മുതൽ അവസാനം വരെ ഞങ്ങളോടൊത്തു പ്രവർത്തിച്ച എല്ലാവർക്കും ,..........ഹൃദയം നിറഞ്ഞ നന്ദി,നന്ദി,നന്ദി.

## അണിയറ പ്രവർത്തകർ




I'm not a HANDSOME guy,
but I can give my
HAND-TO-SOME one
who needs help.
Beauty is in heart,
not in face.
Dr. A. P. J. Abdul Kalam

phone:9188296507